<u>**15 -ാം കേരള നിയമസഭ**</u>

<u>**1 -ാം സമ്മേളനം**</u>

<u>**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 57**</u> <u>**08-06-2021 - ൽ മറുപടിയ്ക്ക്**</u>

<u>**നിർമ്മാണ വസ്തുക്കളുടെ വിലക്കയറ്റം**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ എ കെ എം അഷ്‌റഫ്** | | **Shri. P. Rajeeve<br>(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി)** | |
| (എ) | നിർമ്മാണ വസ്തുക്കളുടെ വൻ വിലക്കയറ്റം നിർമ്മാണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോവിഡ് വ്യാപനത്തിന്റെ പശ്ചാതലത്തിൽ സംസ്ഥാനത്ത് നിലവിൽ വന്ന ലോക്ക്ഡൗൺ ധാതുഖനനം, ചരക്ക്കടത്ത് എന്നിവയെ ബാധിക്കുകയും തൽഫലമായി ഉണ്ടായ വിലക്കയറ്റം നിർമ്മാണ മേഖലയേയും പ്രതികൂലമായി ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതുമൂലം സാധാരണക്കാരുടെ വീട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുള്ളത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | സാധാരണക്കാരുടെ വീട് നിർമ്മാണം ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങളെ ഇത് സാരമായി ബാധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സിമന്റ്/സ്റ്റീൽ ഉത്പാദകരോടും വിപണനക്കാരോടും വിലയുടെ തോത് വിലയിരുത്തി വിലയിൽ ഗണ്യമായ കുറവ് വരുത്തണമെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. സിമന്റ് വിലയിൽ കുറവ് വരുത്തുന്നത് സംബന്ധിച്ച് കോർപ്പറേറ്റ് തലത്തിൽ കാലതാമസമില്ലാതെ തന്നെ തീരുമാനം കൈക്കൊള്ളുമെന്ന് അറിയിച്ചിട്ടുണ്ട്. സംസ്ഥാനത്തിനു ആവശ്യമുള്ള സിമന്റിന്റെ 10% മാത്രമേ സംസ്ഥാനത്ത് ഇപ്പോൾ ഉത്പാദിപ്പിക്കുന്നുള്ളു. ബാക്കിയുള്ള സിമന്റ് ഫാക്ടറികൾ ഭൂരിഭാഗവും സംസ്ഥാനത്തിനു പുറത്താണ്. ഈ സർക്കാരിന്റെ കാലയളവിൽ തന്നെ സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ വഴി കൂടുതൽ സിമന്റ് ഉൽപാദിപ്പിക്കാനുള്ള പദ്ധതികൾ തയ്യാറാക്കുന്നുണ്ട്. അധിക ഉൽപ്പാദനം വരുമ്പോൾ വിലനിർണയത്തിൽ ഇടപെടാൻ സർക്കാരിന് സാധിക്കും. നിർമ്മാണ പ്രവർത്തനങ്ങളെ ബാധിക്കാത്ത തരത്തിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് കരിങ്കൽ ക്വാറികളുടെ പ്രവർത്തനം തുടങ്ങാൻ നടപടിയായിട്ടുണ്ട്. നിർമ്മാണ സാമഗ്രികൾക്ക് ചരക്ക് ഗതാഗത തടസ്സം |

| | | | |
|---|---|---|---|
| | | | വരാതെയിരിക്കാനും കടകൾ ഭാഗികമായി തുറക്കാനും തീരുമാനിച്ചിട്ടുണ്ട്. പ്രാദേശിക തലത്തിൽ പരിഹാരം കാണാൻ കഴിയുന്ന വിഷയങ്ങളിൽ ചർച്ച ചെയ്ത് പരിഹാരം കാണാൻ അതത് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ യോഗം ചേർന്ന് നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | വിലക്കയറ്റം തടയാൻ സ്വീകരിച്ച നടപടികൾ ഫലപ്രദമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് തുടർ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (സി) | സാധാരണക്കാരുടെ വീട് നിർമ്മാണം ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങളെ ഇത് സാരമായി ബാധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സിമന്റ്/സ്റ്റീൽ ഉത്പാദകരോടും വിപണനക്കാരോടും വിലയുടെ തോത് വിലയിരുത്തി വിലയിൽ ഗണ്യമായ കുറവ് വരുത്തണമെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. സിമന്റ് വിലയിൽ കുറവ് വരുത്തുന്നത് സംബന്ധിച്ച് കോർപ്പറേറ്റ് തലത്തിൽ കാലതാമസമില്ലാതെ തന്നെ തീരുമാനം കൈക്കൊള്ളുമെന്ന് അറിയിച്ചിട്ടുണ്ട്. സംസ്ഥാനത്തിനു ആവശ്യമുള്ള സിമന്റിന്റെ 10% മാത്രമേ സംസ്ഥാനത്ത് ഇപ്പോൾ ഉത്പാദിപ്പിക്കുന്നുള്ളു. ബാക്കിയുള്ള സിമന്റ് ഫാക്ടറികൾ ഭൂരിഭാഗവും സംസ്ഥാനത്തിനു പുറത്താണ്. ഈ സർക്കാരിന്റെ കാലയളവിൽ തന്നെ സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ വഴി കൂടുതൽ സിമന്റ് ഉൽപാദിപ്പിക്കാനുള്ള പദ്ധതികൾ തയ്യാറാക്കുന്നുണ്ട്. അധിക ഉൽപ്പാദനം വരുമ്പോൾ വിലനിർണയത്തിൽ ഇടപെടാൻ സർക്കാരിന് സാധിക്കും. നിർമ്മാണ പ്രവർത്തനങ്ങളെ ബാധിക്കാത്ത തരത്തിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് കരിങ്കൽ ക്വാറികളുടെ പ്രവർത്തനം തുടങ്ങാൻ നടപടിയായിട്ടുണ്ട്. നിർമ്മാണ സാമഗ്രികൾക്ക് ചരക്ക് ഗതാഗത തടസ്സം വരാതെയിരിക്കാനും കടകൾ ഭാഗികമായി തുറക്കാനും തീരുമാനിച്ചിട്ടുണ്ട്. പ്രാദേശിക തലത്തിൽ പരിഹാരം കാണാൻ കഴിയുന്ന വിഷയങ്ങളിൽ ചർച്ച ചെയ്ത് പരിഹാരം കാണാൻ അതത് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ യോഗം ചേർന്ന് നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ